**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **09-08-2023 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്ക് തലത്തിൽ എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാ തലത്തിലും എം.എസ്.എം.ഇ എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് അവയെ സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കേരള ബ്രാൻഡ് വികസിപ്പിക്കുക എന്നത് 2023-ലെ കേരള വ്യവസായ നയത്തിലെ ഏഴ് സുപ്രധാന നയസ്തംഭങ്ങളിൽ ഒന്നാണ്. 02.06.2023-ലെ സ.ഉ(എം.എസ്) നം.37/2023/വ്യവ നമ്പർ ഉത്തരവ് പ്രകാരം കേരള ബ്രാൻഡ് പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ "മെയ്ഡ് ഇൻ കേരള" എന്ന തനതായ ബ്രാൻഡ് നാമത്തിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള ബ്രാൻഡിനായി തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ഗവൺമെന്റിന്റെ ഇ-മാർക്കറ്റുകളിൽ സൗജന്യ പ്രമോഷൻ ലഭിക്കും. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ തയ്യാറുള്ള നിർമ്മാതാക്കൾക്കുള്ള വിപണന അവസരങ്ങൾ കേരള ബ്രാൻഡിംഗ് ഗണ്യമായി മെച്ചപ്പെടുത്തും. സംസ്ഥാന ഫണ്ട് സ്കീമുകളിൽ മുൻഗണന, സംസ്ഥാനം പങ്കെടുക്കുന്ന അന്താരാഷ്ട്ര വ്യാപാര മേളകളിലെ പ്രദർശന സൗകര്യം, കേരളീയർ താമസിക്കുന്ന രാജ്യങ്ങളിലെ |

| | | | |
|---|---|---|---|
| | | | പ്രമോഷണൽ പിന്തുണ എന്നിവയും കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതു സംഭരണം നടത്താവുന്നതാണ്. എ.എസ്.എം.ഇ സംരംഭങ്ങൾക്ക് GEM PORTAL രജിസ്ട്രേഷൻ നടത്തുന്നതു വഴി, ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GEM PORTAL-ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനോപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു. |
| (ബി) | ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാരമേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കികൊടുക്കുന്നുണ്ടോ; | (ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിനായുള്ള സഹായം കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖാന്തിരം നൽകി വരുന്നുണ്ട്. ഇത് കൂടാതെ അന്താരാഷ്ട്ര വ്യാപാര-പ്രദർശന മേളകളിൽ പങ്കെടുക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അഡ്മിഷൻ/ രജിസ്ട്രേഷൻ ചാർജുകളുടെ 75% വരെയുള്ള (പരമാവധി 2 ലക്ഷം രൂപ) സഹായം എംഎസ്എംഇ-കളുടെ കയറ്റുമതി പ്രോത്സാഹന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. 2023-ലെ വ്യവസായ നയത്തിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുത്ത മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകർക്ക് സ്റ്റാൾ വാടകയുടെ 100% റീ-ഇമ്പേഴ്സ് ചെയ്യുന്ന പദ്ധതി തയ്യാറായി വരുന്നു. |
| (സി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ *(www.keralaemarket.org/www.keralaemarket.org/ www.keralaemarket.kerala.gov.in)* രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ